2025_26

# അക്കാദമിക മാസ്റ്റർ പ്ലാൻ








## എം.ജി.ഡി
## ഹയർസെക്കന്ററി സ്കൂൾ ഫോർ ബോയ്സ്

കുണ്ടറ

AnyScanner

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
5. നിലവിലെ അവസ്ഥാ വിശേഷം
6. അക്കാദമിക മാസ്റ്റർ പ്ലാൻ
   ഹൈസ്കൂൾ വിഭാഗം
   യുപി വിഭാഗം

AnyScanner

# എം.ജി.ഡി. ബോയ്സ് എച്ച്.എസ്.എസ്. കുണ്ടറ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

### ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആന്തരിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിയ്ക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ രൂപകല്പന ചെയ്യേണ്ടതുണ്ട്. 'അക്കാദമിക മികവാണ് ഒരുവിദ്യാലയത്തിന്റെ മികവ്' എന്ന ആശയത്തിലൂന്നികൊണ്ട് വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി ആത്മവിശ്വാസവും അറിവും ജനാധിപത്യബോധവും മൂല്യവുമുള്ള പുതുതലമുറയെ വാർത്തെടുക്കുന്നതിന് ഈ കർമ്മ പദ്ധതി നടപ്പിലാക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ കുണ്ടറയിലെയും പരിസരപ്രദേശങ്ങളിലെയും സാധാരണജനങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി 1916-ൽ പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവയാൽ സ്ഥാപിതമായ ഈ സ്ഥാപനം ഇന്ന് 108 വർഷം പിന്നിട്ടിരിക്കുന്നു. നിലവിൽ ഹെഡ്മാസ്റ്റർ ഉൾപ്പെടെ 26 അധ്യാപകരും അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു. 500ൽ കൂടുതൽ വിദ്യാർഥികൾ വിദ്യ അഭ്യസിക്കുന്നു. വർഷങ്ങളായി ഉന്നത വിജയം കൈവരിക്കുന്ന ഈ വിദ്യാലയം നാടിന്റെ വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ നിരവധി പ്രതിഭകളെ സംഭാവന ചെയ്തിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശ്രദ്ധേയമായ നിലകളിൽ പ്രവർത്തിച്ചു വരുന്ന അനുഗ്രഹീത ശിക്ഷ്യപരമ്പരയാണ് ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ സമ്പത്ത്.

AnyScanner

# ലക്ഷ്യങ്ങൾ

* കുട്ടികളുടെ കഴിവ് കേവലം പഠനവിഷയത്തിൽ മാത്രം ഒതുങ്ങി നിൽക്കാതെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുക
* അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ പ്രയോജനപ്പെടുത്തുക
* പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
* 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയം വിദ്യാലയത്തിൽ പ്രാവർത്തികമാക്കുക
* പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക-മാനസിക-സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
* കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
* ലഹരി ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക.
* പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
* പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക
* വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ ആയ ലാബ്, ലൈബ്രറി, ഐ.സി.റ്റി. സാധ്യതകൾ എല്ലാ വിദ്യാർഥികൾക്കും പ്രയോജനപ്പെടുത്തുക. അവയിൽ പ്രാവീണ്യം നൽകുക.
* കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ സംഘടിപ്പിക്കുക.
* വിദ്യാലയത്തിൽ ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങളോടൊപ്പം കലാ-കായിക-പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന സംവിധാനങ്ങൾ ഒരുക്കുക.
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ വിദ്യാർഥികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കുന്ന പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക.

AnyScanner

# വിദ്യാലയത്തിലെ ലഘുചരിത്രം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ കുണ്ടറയിലെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങൾ അക്ഷരജ്ഞാനത്തിന് ഒരു വിദ്യാകേന്ദ്രമില്ലാതെ ക്ലേശിക്കുമ്പോൾ 'മലങ്കരസഭാതമ്പുരാൻ' എന്നറിയപ്പെടുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് പിതാവിന്റെ ഉത്തമ ശിഷ്യനായ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനി കോട്ടയത്തുനിന്ന് കുണ്ടറയിൽ എത്തിച്ചേരുകയും കുണ്ടറ വലിയപള്ളിയുടെ മേടയിൽ താമസിച്ചുകൊണ്ട് കുണ്ടറയുടെ നെറുക എന്നറിയപ്പെടുന്ന ഉരിയരിക്കുന്നിൽ ഗുരുനാമത്തിൽ എം.ജി.ഡി. (Mar Geevarghe Dionysius) ഇംഗ്ലീഷ് മീഡിയം സ്കൂൾ 1916-ൽ സ്ഥാപിക്കുകയും ചെയ്തു.

ഇംഗ്ലീഷ് ഭാഷ നിപുണനും ഉജ്ജ്വല വാഗ്മിയുമായിരുന്ന മാവേലിക്കര കല്ലുംപുറത്ത് ഡീക്കൻ സി.എം.തോമസ് (അഭിവന്ദ്യ തോമാ മാർ ദിവന്നാസിയോസ് തിരുമേനി) ആയിരുന്നു സ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ. 1938-ൽ മിഡിൽ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ദേശീയ അധ്യാപക ജേതാവായ ശ്രീ. കെ. ജോർജ്ജ് ആയിരുന്നു പ്രഥമ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ.

1955-ൽ 'കൊച്ചീലച്ചൻ' എന്നറിയപ്പെട്ടിരുന്ന ഫാദർ എം.എം. ജേക്കബ് (അഭിവന്ദ്യ പോളിക്കാർപ്പോസ് തിരുമേനി) ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. അദ്ദേഹം സാരഥ്യം വഹിച്ച നീണ്ട 18 വർഷക്കാലം സ്കൂളിന്റെ സുവർണകാലമായിരുന്നു. ഈ കാലയളവിൽ 1972 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയിൽ സ്റ്റേറ്റിലെ മൂന്നാം റാങ്ക് ഡി. പ്രദീപ് കുമാർ എന്ന വിദ്യാർത്ഥിയിലൂടെ ലഭിച്ചിട്ടുണ്ട്. 1973-ൽ കുട്ടികളുടെ എണ്ണത്തിൽ എം.ജി.ഡി. സ്കൂൾ കൊല്ലം ജില്ലയിൽ ഒന്നാം സ്ഥാനത്തെത്തി. കുട്ടികളുടെ ബാഹുല്യം നിമിത്തം 1974-ൽ സ്കൂൾ ബൈഫോർക്കേറ്റ് ചെയ്ത് എം.ജി.ഡി. ബോയ്സ്, ഗേൾസ് ഹൈസ്കൂളുകളായി മാറി. പ്രഗത്ഭരായ പ്രഥമാധ്യാപകരുടെയും അധ്യാപകരുടെയും സേവനം ഈ വിദ്യാലയത്തെ പരമോന്നതിയിൽ എത്തിച്ചു. ഈ പാരമ്പര്യം ഇന്നും കാത്തുസൂക്ഷിച്ച് വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തുന്നതിനും കുണ്ടറ ദേശത്തിന്റെ അഭിമാനമായി നിലകൊള്ളുന്നും സാധിക്കുന്നുണ്ട്. 2014-ൽ സ്കൂളിൽ ഹയർ സെക്കൻഡറി ആരംഭിക്കുകയും എം.ജി.ഡി. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തുകയും ചെയ്തു. ഇന്നും ഈ വിദ്യാലയമുത്തശ്ശി ദേശത്തിന്റെ ഉയർച്ചയിലും വളർച്ചയിലും ഐശ്വര്യദായിനിയായി പ്രശോഭിക്കുന്നു.

## വിദ്യാലയം മികവിനെ കേന്ദ്രം കാഴ്ചപ്പാട്

വിദ്യാലയം എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിന് പൊതുസമൂഹത്തിൽ മതിപ്പുളവാക്കുന്ന വിധത്തിൽ വിവിധ തലങ്ങളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെകുറിച്ചുള്ള കാഴ്ചപ്പാട്.

* പഴമ നിലനിർത്തിക്കൊണ്ട് വിദ്യാലയകെട്ടിടങ്ങൾ പുനരുദ്ധരിക്കുകയും യു.പി.-ഹൈസ്കൂൾ-ഹയർസെക്കൻഡറി വിഭാഗങ്ങൾക്ക് പ്രത്യേക ബ്ലോക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.
* പൊതുസമ്മേളനം, അസംബ്ലി, പ്രദർശനങ്ങൾ, കലാ-കായിക പരിശീലനം എന്നിവയ്ക്ക് ഉതകുന്ന വലിപ്പവും ഉയരവുമുള്ള ആഡിറ്റോറിയം.
* ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മികച്ച പഠനത്തിനായി ഹൈടെക് ക്ലാസ് മുറികൾ.
* സാങ്കേതിക മികവോടുകൂടിയതും വിഷയാടിസ്ഥാനത്തിൽ ക്രമീകരിച്ചതും ഒരേസമയം കൂടുതൽ വിദ്യാർഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സജ്ജമാക്കിയ ലൈബ്രറി.
* പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യംനേടത്തക്ക രീതിയിൽ സുസജ്ജവും സാങ്കേതിക മികവ് പുലർത്തുന്നതുമായ സ്കൂൾ ലാബും ക്ലാസ് ലാബും.
* വിജ്ഞാനം വിനോദത്തിലൂടെ എന്നാശയം നടപ്പിലാക്കുന്നതിന് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, ജാമിതീയരൂപങ്ങൾ, മാപ്പുകൾ, സന്ദേശങ്ങൾ എന്ന് ചിത്രീകരിച്ച ചുവരുകളും ചുറ്റുമതിലുകളും.
* വിവിധ ഭാഷ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതിനായി ഭാഷാ ലൈബ്രറി, വായന കൂട്ടായ്മ, ഭാഷാ അസംബ്ലി, സർഗാത്മക രചനകൾ, ഭാഷാകേളി എന്നിവ ഉൾപ്പെടുത്തിയ പഠനം.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പിന്തുണയ്ക്ക് സഹായകരമായ പ്രവർത്തനങ്ങൾ.
* ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സൗഹാർദ്ദപരമായ പഠനസൗകര്യം ഒരുക്കൽ.

* ശാരീരിക-മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ലഹരിമുക്ത ക്യാമ്പസ് രൂപപ്പെടുത്തുന്നതിനും ബോധവൽക്കരണ പരിപാടികൾ കൗൺസിലിംഗ് ക്ലാസുകൾ, യോഗ ക്ലാസുകൾ
* ആധുനിക സംവിധാനവും ഉപകരണങ്ങളും പ്രയോജനപ്പെടുത്തിയിട്ടുള്ള കായിക പരിശീലന കേന്ദ്രം.
* തണൽ വൃക്ഷങ്ങൾ, ചിച്ചുകൾ, ട്രാക്കുകൾ എന്നീ സൗകര്യങ്ങളുള്ള ആകർഷണവും വിശാലവുമായ മൈതാനം.
* കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുന്നതിനായി വിദ്യാലയങ്ങളിലും വീടുകളിലും വിഷരഹിത ജൈവ പച്ചക്കറി കൃഷി.
* വിദ്യാലയ സുരക്ഷാ പരിസരം നിലനിർത്താൻ പ്രധാന കവാടത്തിലും വിദ്യാലയത്തിന് വിവിധഭാഗങ്ങളിലും സി.സി. ക്യാമറ സ്ഥാപിക്കൽ. പ്രവേശന നിയന്ത്രണം. സന്ദർശന രജിസ്റ്റർ.
* സസ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്കായി ജൈവവൈവിധ്യ പാർക്ക്, ഔഷധസസ്യ ഉദ്യാനം, പൂന്തോട്ടം.
* സാംസ്കാരിക ചരിത്ര-ശാസ്ത്ര ഫോട്ടോഗ്യാലറിയും ചരിത്ര മ്യൂസിയവും

# നിലവിലെ അവസ്ഥാ വിശേഷം

109 വർഷം പഴക്കമുള്ള വിദ്യാലയം ഭൗതിക അക്കാദമിക സാഹചര്യങ്ങളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തിവരുന്നു. കൊല്ലം-കൊട്ടാരക്കര ദേശീയപാതയിൽ നിന്ന് പള്ളിമുക്ക്-കല്ലട റോഡിന്റെ ഓരം ചേർന്ന് കുണ്ടറയുടെ നെറുകയിൽ സ്ഥിതിചെയ്യുന്ന വിദ്യാലയം പുരാതനകാലം മുതൽ സമീപപ്രദേശത്തുള്ള വിദ്യാർത്ഥികൾക്ക് എത്തിച്ചേർന്ന് വിദ്യ അഭ്യസിക്കുന്നതിന് സൗകര്യപ്രദമാണ്. ആകർഷകമായ പ്രവേശനകവാടവും ചുറ്റുമതിലും കുണ്ടറ സെമിനാരിയുടെ സാമീപ്യവും കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു. വിശാലമായ മൈതാനം വിദ്യാർഥികൾക്കും കായികപ്രേമികൾക്കും കളമൊരുക്കുന്നു. പതിനായിരക്കണക്കിന് പുസ്തകശേഖരത്തോടുകൂടിയ ലൈബ്രറി കൊല്ലം ജില്ലയിലെ മികവുറ്റ ലൈബ്രറികളിൽ ഒന്നാണ്. സുസജ്ജമായ സയൻസ്, ഐ.ടി. ലാബുകൾ, മൾട്ടിമീഡിയ റൂം, സ്വന്തമായ സ്കൂൾ ബസ്സുകൾ എന്നിവ വിദ്യാലയത്തിന്റെ നേട്ടമാണ്. എൻ.സി.സി., എസ്.പി.സി., ജെ.ആർ.സി., എൻ.എസ്.എസ്. എന്നീ യൂണിറ്റുകളുടെയും വിവിധ ക്ലബ്ബുകൾ, സോഷ്യൽ സർവീസ് സ്കീം, ബാലജനസഖ്യം എന്നിവയുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ മാനസികാരോഗ്യവും സംസ്കാരികമൂല്യവും മെച്ചപ്പെടുത്തുന്നു. പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വവും പരിചയസമ്പന്നരായ അധ്യാപകരുടെ ശിക്ഷണവും സ്കൂളിന്റെ അക്കാദമിക മികവിന് മാറ്റുകൂട്ടുന്നു. എസ്.എസ്.എൽ.സി. ഫുൾ എ-പ്ലസ് നേടിയവരുടെ എണ്ണം ഉയർത്തുന്നതിനും തുടർച്ചയായി 100% വിജയം കൈവരിക്കുന്നതിനും വിദ്യാലയത്തിന്റെ അക്കാദമിക നേട്ടമാണ്.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുൻനിരയിൽ എത്തിക്കാനുള്ള കർമപദ്ധതികളുടെ പ്രവർത്തനം, വിവിധ കലാകായിക മത്സരങ്ങൾ, മേളകൾ എന്നിവയുടെ പങ്കാളിത്തം യു.എസ്.എസ്. സ്കോളർഷിപ്പ്, എൻ.എം.എം.എസ്. സ്കോളർഷിപ്പ് എന്നിവയ്ക്കുള്ള പരിശീലനം, എസ്.എസ്.എൽ.സി. മുന്നൊരുക്കം, വിവിധ ദിനാചരണങ്ങൾ എന്നിവ ഈ വിദ്യാലയത്തിന്റെ മേന്മകൾ ആണ്. എൻ.എം.എം.എസ്., യു.എസ്.എസ്. സ്കോളർഷിപ്പുകൾ നേടിയെടുക്കാൻ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്.

# എം.ജി.ഡി. ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ

# കുണ്ടറ

## അക്കാദമിക മാസ്റ്റർ പ്ലാൻ നിർവ്വഹണ

## പദ്ധതിയുടെ രൂപരേഖ

## ഹൈസ്കൂൾ വിഭാഗം

| | | |
|---|---|---|
| മലയാളം | ഇംഗ്ലീഷ് | ഹിന്ദി |
| സംസ്കൃതം | സാമൂഹ്യശാസ്ത്രം | |
| ഫിസിക്സ് | കെമസ്ട്രി | ബയോളജി |
| അറബിക് | ഗണിത ശാസ്ത്രം | |

AnyScanner

# ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയുംവിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2024-25 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

# ലക്ഷ്യം

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.

3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ്<br>2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല<br>3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ്<br>4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല<br>5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 1. പിറന്നാളിനൊരു പുസ്തകം<br>2. വായനക്കുറിപ്പ്<br>3. കഥ, കവിത, ശില്പശാല<br>4. സെമിനാർ<br>5. ചുവർ മാഗസിൻ<br>6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ<br>7. സാഹിത്യപഠനയാത്ര<br>8. വായനക്കൂട്ടം - പുസ്തക ചർച്ച<br>9. അഭിമുഖം |

AnyScanner

## പ്രവർത്തനപദ്ധതി വിശദീകരണം

പ്രവർത്തനം-1

### പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി | | |

പ്രവർത്തനം-2

### വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ-ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ<br>വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | PTA |

AnyScanner

പ്രവർത്തനം-3

## ശില്പശാലകൾ - കഥ, കവിത,ആസ്വാദനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | PTA |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | PTA |
| ശില്പശാല - ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | 2000 | |

പ്രവർത്തനം-4

## ശില്പശാലകൾ - സെമിനാർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി അടിസ്ഥാന പാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കി സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | | |

AnyScanner

പ്രവർത്തനം-5

## ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ /എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

പ്രവർത്തനം-6

## കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

AnyScanner

പ്രവർത്തനം-7

## സാഹിത്യപഠനയാത്ര

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | 10000 | രക്ഷിതാക്കൾ |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | 500 | PTA |

പ്രവർത്തനം-8

## വായനക്കൂട്ടം - പുസ്തകചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | മെയ് | | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| പുസ്തക ചർച്ച - വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി | | |

AnyScanner

പ്രവർത്തനം-9

## അഭിമുഖം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| അഭിമുഖം | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 4500 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | | | |

## പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

### 1. പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. 'പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. മിഠായി വിതരണം പാടേ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. ക്ലാസ്മുറികളിൽവച്ച് ടീച്ചറിന്റെ നേതൃത്വത്തിലും അസംബ്ലിയിൽ വച്ച് ലൈബ്രേറിയന്റെ നേതൃത്വത്തിലും കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ്.

AnyScanner

## 2. വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്.എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ. വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലെയും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വെച്ച് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനവും നൽകണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്തണം.

## 3. കഥ. കവിത, ആസ്വാദനം -ശിൽപശാല

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമേ സാഹിത്യ ആസ്വാദകരായ മറ്റു അധ്യാപകർ, പ്രാദേശിക എഴുത്തുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്കുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

AnyScanner

### 4. സെമിനാർ

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾതല സെമിനാർ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

### 5. ചുമർ മാഗസിൻ

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽത്തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

### 6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

പഠന പ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

AnyScanner

## 7. സാഹിത്യപഠനയാത്ര

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ് പി റ്റി എയിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഇതിന്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരളസംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും.

AnyScanner

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |



AnyScanner

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് റേഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |



AnyScanner

വിദ്യാലയത്തിന്റെ പേര് - എം.ജി.ഡി.എച്ച്.എസ്.എസ്. ഫോർ ബോയ്സ്.കുണ്ടറ.

വിഭാഗം - ഹൈസ്കൂൾ

വിഷയം - സംസ്കൃതം.

# മാസ്റ്റർ പ്ലാൻ - 2025-26

## ആമുഖം :-

പ്രാഥമിക വിദ്യാഭ്യാസ പദ്ധതി വിജ്ഞാനപ്രദമായി നടപ്പിലാക്കേണ്ട ഉത്തരവാദിത്വ ബോധവും വിദ്യാർത്ഥിക്ക് ഉത്കൃഷ്ടവും മൂല്യബോധവുമുള്ള വിദ്യാഭ്യാസം നൽകേണ്ട ബാധ്യതയും അദ്ധ്യാപകരുടെ ചുമതലയാണ്. കുട്ടികളെ കേന്ദ്രീകരിച്ചുള്ളതാകണം ഓരോ കുട്ടിക്കും നൽകുന്ന വിദ്യാഭ്യാസം. കുട്ടികളുടെ ശാരീരികവും മാനസികവുമായ ശേഷി വർദ്ധിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസം കൊണ്ടുള്ള ലക്ഷ്യം. കുട്ടികളുടെ മികവാർന്ന പഠനത്തിന് അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും സാമൂഹിക പിന്തുണയും വിദ്യാലയം വഴി ഓരോ കുട്ടിക്കും ലഭ്യമാകുന്ന തരത്തിലുള്ള മികവാർന്ന ഒരു പ്രവർത്തനം ആയിരിക്കണം അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ഓരോ അദ്ധ്യാപകരും നടപ്പിലാക്കേണ്ടത്.

AnyScanner

## അക്കാദമികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ:-

- വായന പ്രോത്സാഹനം
- വായന കുറിപ്പുകൾ, കയ്യെഴുത്തു മാസികകൾ തയ്യാറാക്കൽ, പ്രദർശിപ്പിക്കൽ
- സർവ്വേകൾ സംഘടിപ്പിക്കൽ.
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ, ദിനചര്യകൾ.
- പഠന പ്രവർത്തനങ്ങൾ.
- ക്ലബ് രൂപീകരിക്കൽ.
- സ്കൂൾ മാഗസിൻ തയ്യാറാക്കൽ.
- അഭിമുഖം, സംവാദങ്ങൾ.
- അസംബ്ലി.
- മികച്ച അവതരണങ്ങൾക്ക് സമ്മാന വിതരണം.
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ.

വിദ്യാലയാധിഷ്ഠാനത്തിലുള്ള പ്രവർത്തനങ്ങൾ.

## സംസ്കൃതം

### പ്രതീക്ഷിത നേട്ടങ്ങൾ.

- സംസ്കൃത പഠനത്തിന് താൽപര്യം ജനിപ്പിക്കൽ.
- സംസ്കൃത അക്ഷര പഠനം.
- അക്ഷര സ്ഫുടതയോടെ സംസ്കൃത പദങ്ങൾ വായിക്കാനുള്ള കഴിവുണ്ടാകും.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് ഉണ്ടാകും.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി ഉണ്ടാകും.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള കഴിവ് ഉണ്ടാകും.
- കഥ, കവിത എന്നിവ എഴുതുവാനും പാടാനുമുള്ള ആർജ്ജവം ഉണ്ടാകും.
- ഭാഷാ ലാബ് നിർമ്മാണം.
- ഹാസ്യ ചിത്രങ്ങൾ നിർമ്മിക്കാനുമുള്ള ശേഷി കൂടുന്നു.

കേൾവി –

സംസ്കൃത കഥ- ആഖ്യാനങ്ങൾ കേൾപ്പിക്കുന്നു.

അക്ഷരഗാനം, സംഖ്യാഗാനം, സുഭാഷിതങ്ങൾ .....

കൂടെ പാടിക്കുന്നു. അക്ഷരശ്ലോക സദസ്സ്, ICT സാധ്യതാ പരമാവധി പ്രയോഗിച്ച് കേൾവിക്കുള്ള അവസരം ഒരുക്കുന്നു.

എഴുത്ത് –

എഴുത്തിനെ പരിചയപ്പെടുത്തുന്നു.

അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും എഴുതി പഠിപ്പിക്കുന്നു.

കുട്ടികളെ ഉപയോഗിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു.

ഗ്രൂപ്പുകളിൽ വർണ്ണമാല ചാർട്ട് നിർമ്മാണം നടത്തുന്നു.

ശബ്ദകോശം, ചിത്രപദകോശം, സംഖ്യാകോശം, വാക്യരചന

പ്രശ്നവാചക പദങ്ങൾ എഴുതുന്നു.

വായന –

ഭാഷാ ലാബ് നിർമ്മാണം, പുസ്തകപരിചയം, കഥാകഥനം.

അവതരണം :-

സംഭാഷണം, നാടകാഭിനയം.

ചിത്രീകരണം –

വിവിധ ഡോക്യുമെന്ററികൾ നിർമ്മിക്കൽ.

MGDHSS FOR BOYS KUNDARA

ACADEMIC MASTER PLAN - H.S MATHS (2025-26)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | Maths @ Maximum Pretest നടത്തി List തയ്യാറാക്കൽ. Maths Clinic ബ്രിഡ്ജ് കോഴ്സ് തയ്യാറാക്കൽ | June ആദ്യ വാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജിയോജിബ്ര സോഫ്റ്റ്വെയർ സഹായത്തോടെ നിർമ്മിതി വിശകലനം | June 2nd week | അധ്യാപകർ | |
| 3 | ഗണിത വിഷയത്തിൻ്റെ പ്രാധാന്യം മനസിലാക്കലും പ്രോത്സാഹനവും | ഗണിത ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ ഗണിത മത്സരങ്ങൾ സംഘടിപ്പിക്കൽ.ഗണിത അസംബ്ലി സംഘടിപ്പിക്കൽ | July | അധ്യാപകർ, Mathsclub അംഗങ്ങൾ | |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുത്ത ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിജയപ്പെടുത്തൽ | ശില്പശാലകൾ, Club പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ഒരു Termൽ ഒന്ന് | അധ്യാപകർ, Mathsclub അംഗങ്ങൾ | |
| 5 | ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജസ്വലത കൈവരിക്കൽ | ഗണിത Club ൻ്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | അധ്യാപകർ, Mathsclub അംഗങ്ങൾ | |

AnyScanner

| | | | | | |
|---|---|---|---|---|---|
| 6 | ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | അക്കാദമിക വർഷം | അധ്യാപകർ, കുട്ടികൾ | |
| 7 | സംഘബോധം ഉണ്ടാക്കൽ | Puzzleകളിലൂടെയും ഗെയിമുകളിലൂടെയും ഗണിത പഠനം | അക്കാദമിക വർഷം, തുടർ പ്രവർത്തനം | അധ്യാപകർ, കുട്ടികൾ | |
| 8 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികളുടെ ഭാവനകൾ കണ്ടെത്തി അവരുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ | January, February | Club സെക്രട്ടറി, Club കമ്മിറ്റി, അധ്യാപകർ | |
| 9 | അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, അധ്യാപകർ | |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു PTA നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, H.M, PTA PRESIDENT | |

AnyScanner

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

AnyScanner

# അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ സംവിധാനം |
|---|---|---|---|---|---|
| 1. | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യുക. ശാസ്ത്രീയ മനോഭാവം ഉണ്ടാക്കുക | Science club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും. Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം | ജൂൺ എല്ലാ മാസങ്ങളിൽ | അദ്ധ്യാപകർ SRG Science club | SRG |
| 2 | സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ പ്രവർത്തന മാതൃകകൾ എന്നിവ ഇനംതിരിച്ച് ക്രമീകരിക്കൽ. ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന mobile lab kit | ജൂൺ മുതൽ എല്ലാ മാസങ്ങളിൽ | അദ്ധ്യാപകർ | SSA, RMSA PTA |
| 3 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | സ്കൂൾ കാമ്പസിൽ പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം.<br>• ജൈവവൈവിധ്യ പാർക്ക്<br>• ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി തന്നെ പാഠപുസ്തകമായി മാറുന്നു. | ഒരു വർഷം | കൃഷി ഭവൻ കർഷകർ PTA, SMC | |
